# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3614 15.07.2015-ൽ മറുപടിക്ക്

**പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം<br>ശ്രീ.എം.ചന്ദ്രൻ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ) കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി എന്നീ പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിയ്ക്ക് ഒന്നാം ഘട്ടമായി പതിനാറാമത് എസ്.എൽ.എസ്.എസ്.സി. 2011 ൽ ഉൾ പ്പെടുത്തി 1500 ലക്ഷം രൂപയ്ക്ക് 11.05.2012 ന് ഭരണാനുമതിയും 24.05.2012 ന് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ആയതിൽ ഉൾ പ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നത്.<br>1.കിണറിന്റെയും പമ്പ് ഹൗസിന്റെയും പുനരുദ്ധാരണ പ്രവൃത്തി ആരംഭിച്ചു.<br>2. 9.50 എം.എൽ.ഡി ജലശുദ്ധീകരണ ശാലയും അനുബന്ധഘടകങ്ങളുടെയും പ്രവൃത്തി 65% പൂർത്തീകരിച്ചു.<br>3.റോ വാട്ടർ പമ്പിംഗ് മെയിൻ 90% പൂർത്തീകരിച്ചു.<br>4.കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി എന്നീ പഞ്ചായത്തുകൾക്കായുള്ള ഉന്നതതല ജലസംഭരണികളിലേക്കുള്ള |

ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ 70% പൂർത്തീകരിച്ചു.

മേൽ പദ്ധതിയുടെ രണ്ടാംഘട്ടമായി18-മത് എസ്.എൽ.എസ്.എസ്.സി. 2012 ൽ ഉൾ പ്പെടുത്തി 700 ലക്ഷം രൂപയ്ക്ക് 11.06.2013 ന് ഭരണാനുമതിയും 17.06.2013 ന് സാങ്കേതികാനുമതിയും നൽകി. ആയതിൽ ഉൾ പ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നത്.

1. തേങ്കുറിശ്ശി പഞ്ചായത്തുകൾക്ക് വേണ്ടി 8.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തി പൂർത്തീകരിച്ചു.
2. മൂന്ന് പഞ്ചായത്തുകൾക്ക് വേണ്ടി ക്വാളിറ്റി അഫക്ടട് ഹാബിറ്റേഷനുള്ള പ്രദേശങ്ങളിലേക്ക് വിതരണ ശൃംഖല സ്ഥാപിക്കൽ പ്രവൃത്തി അവസാന ഘട്ടത്തിലാണ്.
3. കൂടാതെ മേൽ പദ്ധതിയുടെ പൂർത്തീകരണത്തിനായി മൂന്നാം ഘട്ടത്തിൽ ഉൾ പ്പെടുത്തി കണ്ണാടി ഗ്രാമപഞ്ചായത്തിലേക്ക് 6ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയും ബാക്കിവരുന്ന മൂന്ന് പഞ്ചായത്തിന്റെ എല്ലാ ഭാഗത്തേക്കുമുള്ള വിതരണ ശൃംഖലയും കൂടി 1910 ലക്ഷം രൂപയുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി അടുത്ത എസ്.എൽ. എസ്.എസ്.സി.യിൽ സമർപ്പി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതുപോലെ ഡി.എസ്.ആർ. 2014 പ്രകാരം

| | | |
|---|---|---|
| | | റേറ്റ് റീവൈസ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| ബി) | എന്തെല്ലാം പ്രവൃത്തി കളാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത്; | (ബി) തേഞ്ഞിപ്പാലം പഞ്ചായത്തിനുള്ള 8.50 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തി പൂർത്തീകരിച്ചു. |
| സി) | പദ്ധതിയുടെ നിർമ്മാണത്തിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ; | (സി) ഇല്ല. |
| ഡി) | കുടിവെള്ള പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) ഒന്നാം ഘട്ടത്തിന്റെയും രണ്ടാം ഘട്ടത്തിന്റെയും പ്രവൃത്തി 2015 ഡിസംബറിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

[redacted]